ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന നാല് പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 203.44 കോടി രൂപ ലോകബാങ്ക് സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) കേരളാ ഫോറസ്ട്രി പ്രോജക്ട്, ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ പദ്ധതി (ജലനിധി), കേരളാ ട്രാൻസ്പോർട്ട് പ്രോജക്ട്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (ഭൂജല വകുപ്പ്/ജലവിഭവ വകുപ്പ്) എന്നീ നാല് പദ്ധതികളുടെ നടത്തിപ്പിനായി ഈ തുക വിനിയോഗിക്കുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സമിതി

25 (*235) ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്യുന്ന ആവശ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) അവശ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) ഇല്ല. എന്നാൽ ഹൈക്കോടതി വിധിയിൽ ഒരു വിദഗ്ദ്ധ സമിതി സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറുകൾക്കൊപ്പം സമർപ്പിക്കുന്ന സാമ്പിൾ പരിശോധിക്കേണ്ടതാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

(ബി) കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഗോഡൗണിലെത്തുന്ന സാധാനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേഷന്റെ അഞ്ചു റീജിയണൽ തലങ്ങളിലും ഗുണ പരിശോധനാ വിഭാഗം ജൂനിയർ മാനേജർമാർ ഉണ്ട്. കൂടാതെ ഹെഡ്ഡാഫീസ് തലത്തിൽ ഒരു ഗുണപരിശോധനാ വിഭാഗം മാനേജരും നല്ല രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഒരു ലാബോറട്ടറിയും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly